**നോമ്പുകാലം രണ്ടാം ഞായർ**
**ലൂക്ക 19:1-10**

**സക്കേവൂസിന്റെ മാനസാന്തരം**

റവ. ഡോ. ജോഷി പുതുശ്ശേരി

പരസ്യജീവിതകേന്ദ്രമായ ഗലീലിയിൽനിന്ന് സഹന മരണോത്ഥാനങ്ങളുടെ ജറുസലേമിലേക്കുള്ള യാത്രയ്ക്കിടയിലാണ് (ലൂക്കാ 9:51-19:46) യേശുവും സക്കേവൂസും കണ്ടുമുട്ടുന്നത്. ദനഹാക്കാലത്തിൽനിന്ന് ഉയിർപ്പുകാലത്തിലേയ്ക്കുള്ള യാത്രയ്ക്കിടയിൽ, നോമ്പുകാലത്ത്, വിശ്വാസിയിൽ സംഭവിക്കേണ്ട പരിവർത്തനത്തിന്റെ മാതൃകയാണ് സക്കേവൂസിന്റെ മാനസാന്തരം. ദൈവാനുഭവത്തിന് തടസ്സമാവുന്ന തിരക്കുകളുടെ ജനക്കൂട്ടത്തെയും ധർമ്മികാപചയത്തിന്റെ പൊക്കക്കുറവിനെയും (v.3) അതിജീവിക്കാൻ, അവിടുന്ന് കടന്നു വരുമെന്ന് ഉറപ്പുള്ളയിടങ്ങളിലെ (v.4) സിക്കമൂർ മരമുകളിലെ ഏകാന്തതയിലേക്ക് – വചനവായന, ധ്യാനം, പ്രാർത്ഥന ലരേ. – കുറച്ചു സമയം മാറിയിരിക്കാനുള്ള കാലമാണ് നോമ്പുകാലം. ദൈവത്തെ തേടാനും (v.3) അവിടുത്തെ കേൾക്കാനും (vv.5-6) അവിടുത്തേക്ക് അഹിതമായത് ഉപേക്ഷിക്കാനും (വഞ്ചിച്ചെടുത്തത് തിരികെ കൊടുക്കുക, v.8) സ്വീകാര്യമായത് ചെയ്യുവാനും (സ്വത്ത് ദരിദ്രർക്ക് കൊടുക്കുക, v.8=18:22) തയ്യാറാകുന്നവർക്ക് രക്ഷയുടെ ഉയിർപ്പനുഭവം സ്വന്തമാക്കാനാവും.

'സക്കേവൂസ്' എന്ന പേരിന്റെ ഹീബ്രുഭാഷയിലെ മൂലാർത്ഥം 'നിഷ്ക്കളങ്കൻ', 'നീതിമാൻ' എന്നൊക്കെയാണ്. ഈ പേരിനു ചേരുന്ന പെരുമാറ്റമായിരുന്നില്ല സക്കേവൂസിന്റേത്. അവൻ പാപിയാണെന്ന ജനക്കൂട്ടത്തിന്റെ പിറുപിറുക്കലും (v.7) മറ്റുള്ളവർക്ക് അർഹതപ്പെട്ടത് വഞ്ചിച്ചെടുത്തിട്ടുണ്ടെന്ന അവന്റെ തന്നെ വാക്കുകളിലെ സൂചനയും (v.8) ഇത് ശരിവയ്ക്കുന്നു. 'സക്കേവൂസ്' എന്ന യേശുവിന്റെ വിളി (v.5), താൻ ആ പേരിനർഹനല്ലല്ലോയെന്ന തിരിച്ചറിവ് അവനു സമ്മാനിച്ചിട്ടുണ്ടാകാം. തന്നെത്തന്നെ അവിടുത്തെ മുമ്പിൽ തുറന്നുവച്ചും ചെയ്ത തെറ്റിന് പ്രായശ്ചിത്തം ചെയ്തും പേരിന്റെ വിശുദ്ധി വീണ്ടെടുക്കുകയാണ് സക്കേവൂസ്. മാമ്മോദീസായിൽ സ്വീകരിച്ച വിശുദ്ധ നാമത്തിനും 'ക്രിസ്ത്യാനി' എന്ന പൊതുനാമത്തിനും ചേരുന്ന പെരുമാറ്റത്തി ലേക്കുള്ള ചുവടുമാറ്റത്തിന്റെ കാലമാവട്ടെ നോമ്പുകാലം.

ധനികനായിരുന്നു സക്കേവൂസ് (v.2). 'സമ്പത്തുള്ളവർ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നത് എത്ര ദുഷ്കരം' എന്ന് യേശു 18:24-ൽ പറഞ്ഞുവച്ചിട്ടുണ്ട്. ഉള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുത്തശേഷം തന്നെ അനുഗമിക്കാനുള്ള യേശുവിന്റെ ക്ഷണം സ്വീകരിക്കാതെ ദുഃഖത്തോടെ മടങ്ങിയ ധനികനായ അധികാരി അവിടെയുണ്ട് (18:18-27). ഇതിൽനിന്ന് വിഭിന്നമായി, 'രക്ഷ'യ്ക്ക് തടസ്സമാകാവുന്ന സമ്പത്തിനെ (18:26) എങ്ങനെ 'രക്ഷ'യ്ക്കുള്ള മാർഗ്ഗമാക്കാം (19:9) എന്നു കാണിച്ചുതരികയാണ് സക്കേവൂസ്. വഞ്ചിച്ചോ മോഷ്ടിച്ചോ സ്വന്തമാക്കിയത് തെറ്റേറ്റു പറഞ്ഞ് തിരികെ കൊടുക്കുമ്പോൾ മുതലിനൊപ്പം അതിന്റെ അഞ്ചിലൊന്ന് നഷ്ടപരിഹാരമായി കൊടുക്കണമെന്നതായിരുന്നു നിയമം (ലേവ്യ 6:5; സംഖ്യ 5:7). എന്നാൽ, വഞ്ചിച്ചെടുത്തത് നാലിരട്ടിയായാണ് സക്കേവൂസ് തിരികെ കൊടുക്കുന്നത്. കൂടാതെ തന്റെ സമ്പത്തിന്റെ പകുതിയും ദരിദ്രർക്കു കൊടുക്കുന്നു. പരിഹാരവും ദാനവും കഴിഞ്ഞ് കാര്യമായ സ്വത്തൊന്നും ഇനി അയാൾക്ക് ശേഷിക്കാനിടയില്ല. അന്യായമായൊന്നും സമ്പാദിക്കാതിരിക്കുകയും ഉള്ളത് ഇല്ലാത്തവരുമായി പങ്കുവയ്ക്കു കയും സമ്പത്തിൽ ആശ്രയം വയ്ക്കാതിരിക്കുകയും ചെയ്താൽ സമ്പത്ത് രക്ഷയ്ക്കുള്ള മാർഗ്ഗമാവും.

രക്ഷയിലേയ്ക്കുള്ള സക്കേവൂസിന്റെ കടന്നുപോകൽ സംഭവിക്കുന്നത് അതിവേഗമാണ്. യേശുവിനെ കാണാൻ വേണ്ടി അവൻ മുമ്പേ 'ഓടി' (v.4). യേശു പറഞ്ഞു: സക്കേവൂസ് 'വേഗം'

ഇറങ്ങി വരുക (v.5). അവൻ 'തിടുക്ക ത്തിൽ' ഇറങ്ങിച്ചെന്നു (v.6). തീരുമാനമെടുക്കുന്നതും നടപ്പിലാക്കുന്നതും ഉടനടിയാണ്: 'ഇതാ' എന്റെ സ്വത്തിൽ പകുതി ദരിദ്രർക്ക് 'കൊടുക്കുന്നു' (v.8) യേശുവിന്റെ പ്രഖ്യാപനവും ഉടനെതന്നെ; 'ഇന്ന്' ഈ ഭവനത്തിന് രക്ഷ ലഭിച്ചിരിക്കുന്നു. ഒന്നും പിന്നീടല്ല; 'നാളെ, നാളെ, നീളെ, നീളെ'യല്ല. കർത്താവിനെ തേടുന്നത്, ശ്രവിക്കുന്നത്, ഉപേക്ഷിക്കേണ്ടതിനെ ഉപേക്ഷിക്കുന്നത്, നന്മ ചെയ്യാൻ തുടങ്ങുന്നത് – ഒന്നും ഇനിയും നീട്ടിവയ്ക്കാതിരിക്കാം. കാരണം രക്ഷ 'ഇന്നാണ്.'